(സി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതു വരെ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവർത്തനം നടന്നത്. പ്രസ്തുത ഉത്തരവുകൾ പരിശോധിച്ച് ആവശ്യമായവ സ്വീകരിക്കുകയും വേണ്ടാത്തത് നിരാകരിക്കുകയും ചെയ്ത് വിശദമായ പരിശോധനകൾക്കും ചർച്ചകൾക്കുശേഷമാണ് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചത്. നിലനിന്നിരുന്ന എല്ലാ എക്സിക്യൂട്ടീവ് ഉത്തരവുകളും സ്പെഷ്യൽ റൂൾസ് രൂപീകരിച്ചതോടെ റദ്ദായി.

(ഡി) സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾകൂടി പരിശോധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെയും അംഗീകാരത്തോടെ പുറപ്പെടുവിച്ച കേരള ഹയർ സെക്കണ്ടറി സ്റ്റേറ്റ് സർവ്വീസ്/കേരള ഹയർ സെക്കണ്ടറി സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ് എയിഡഡ് ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള സ്പെഷ്യൽ റൂൾസ് കേരളാ വിദ്യാഭ്യാസ ചട്ടത്തിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ളത്. അദ്ധ്യാപക പരിശീലന യോഗ്യതയായ ബി.എഡും ഏതെങ്കിലും ഒരു വിഷയത്തിലെ ഒരു പ്രത്യേക മേഖലയിലെ ഗവേഷണ ബിരുദവും തത്തുല്യമായി കണക്കാക്കാനാകില്ല. അതുകൊണ്ടാണ് ഈ ഉത്തരവിലെ സത്ത സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താത്തത്.

(ഇ) എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ കെ.ഇ.ആറിന്റെ ഭാഗമാണ്. സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന് മുമ്പുള്ള സർക്കാർ ഉത്തരവുകൾ ഇപ്പോൾ നിലവിലില്ല. എയിഡഡ് ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതി ആവശ്യമില്ല

## ലാബ് അസിസ്റ്റന്റുമാരുടെ നിയമനം

129 [5111] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിഡഡ് സ്കൂളുകളിൽ പ്ലസ് ടു അനുവദിക്കാൻ തുടങ്ങിയത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആ വർഷം പ്ലസ് ടു അനുവദിച്ച ഓരോ സ്കൂളുകളിലും എത്ര ലാബ് അറ്റൻഡർമാരെ വീതമാണ് നിയമിച്ചിട്ടുള്ളതെന്ന് സ്കൂളിന്റെ പേര് സഹിതം വെളിപ്പെടുത്താമോ;

(സി) ഇവയ്ക്ക് നിയമന അംഗീകാരം നൽകിയത് എന്നാണെന്നും ഇവർക്ക് ഇപ്പോൾ ശമ്പളം ലഭിക്കുന്നുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(ഡി) 1998-99-ൽ എത്ര എയിഡഡ് സ്കൂളുകളിലാണ് പ്ലസ് ടു അനുവദിച്ചത്; ഈ സ്കൂളുകളിൽ എത്ര വീതം ലാബ് അറ്റൻഡർമാരെയാണ് നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇവരുടെ നിയമനം അംഗീകരിക്കുകയും ഇവർക്ക് ശമ്പളം നൽകുകയും ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ;



LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 1991-ൽ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ 4 ലാബ് അറ്റൻഡർമാരെ വീതം നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ജി) എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് അറ്റൻഡർമാരുടെ എണ്ണം 2 ആയി നിജപ്പെടുത്തി ഉത്തരവായിട്ടുണ്ടോ; ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(എച്ച്) ഇവരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ എന്തെങ്കിലും കേസ്സുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഐ) ഇവർക്ക് നിയമനാംഗീകാരം നൽകി ശമ്പളം നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1991-92 അദ്ധ്യയന വർഷം മുതൽ.

(ബി) ഓരോ സ്കൂളിലും നാല് ലാബ് അറ്റൻഡർമാരെ വീതമാണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളുടെ പേരുകൾ അനുബന്ധമായി വയ്ക്കുന്നു.†

(സി) 1993-94-ൽ നിയമനാംഗീകാരം നൽകി ശമ്പളം ലഭിച്ചു വരുന്നു.

(ഡി) 1998-99 അദ്ധ്യയന വർഷത്തിൽ എയിഡഡ് സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ അനുവദിച്ചിട്ടില്ല.

(ഇ) 'ഡി' പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഉണ്ട്. 1991-ൽ എയിഡഡ് സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ അനുവദിച്ചുകൊണ്ടുള്ള ഗവ. ഉത്തരവിൽ ലാബ് അറ്റൻഡർ നിയമനം സംബന്ധിച്ച വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ജി) നേരത്തെ ലാബ് അറ്റൻഡർ തസ്തിക നിലവിലില്ലാത്തതും സയൻസ് ബാച്ചുകളുള്ളതുമായ സർക്കാർ/എയിഡഡ് സ്കൂളുകളിൽ രണ്ട് ലാബ് അസിസ്റ്റന്റ് തസ്തികകൾ വീതം സൃഷ്ടിച്ചുകൊണ്ട് 28-3-2003-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പുകൾ ഇതോടൊപ്പം വയ്ക്കുന്നു. †

(എച്ച്) കേസ്സുകൾ നിലവിലുണ്ട്. 28-3-2003-ലെ ഉത്തരവ് പ്രകാരം രണ്ട് ലാബ് അറ്റൻഡർ തസ്തികകൾ വീതമാണ് സൃഷ്ടിച്ചിട്ടുള്ളത്. തസ്തിക സൃഷ്ടിക്കുന്നതിനുമുമ്പ് ഇല്ലാത്ത തസ്തികകളിൽ മാനേജർമാർ അധികം ലാബ് അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട്. ആ നിയമനങ്ങൾ അംഗീകരിക്കുന്നതിനാണ് കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളത്.

(ഐ) 28-3-2003-ലെ ഗവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള നിയമനം അംഗീകരിക്കുന്നതിനുള്ള ശുപാർശകൾ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട സ്കൂൾ മാനേജർമാർ ലഭ്യമാക്കുന്ന മുറയ്ക്ക് ഇവർക്ക് നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരികയാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly